# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

**സംഗ്രഹം**

**തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണം- ഓട്ടോമേഷൻ വിഭാഗത്തിന്റെ പേര് "ഡിജിറ്റൈസേഷൻ വിഭാഗം" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

ആർ.ഒ.സി.16335/17/ഇഡിപി. തിരുവനന്തപുരം, 27.01.2025

---

**പരാമർശം:** 1. 17/05/2024 ലെ മേൽ നമ്പർ ബോർഡ് ഉത്തരവ്

2. ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവ് ഡോ:പി.വിനോദ് ഭട്ടതിരിപ്പാടിന്റെ 16/01/2025 ലെ കത്ത്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കായി ഓട്ടോമേഷൻ ടീം രൂപീകരിച്ചും, ആയതിന്റെ ഏകോപനത്തിനായി ഒരു പ്രൊജക്ട് മാനേജരെ അഡീഷണൽ ചാർജ്ജായി ചുമതലപ്പെടുത്തിയും ബോർഡ് ഉത്തരവ് പുറപ്പെടുവിച്ചു. (പരാമർശം-1).

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ കമ്പ്യൂട്ടർവൽക്കരണവുമായി ബന്ധപ്പെട്ട് ചെയ്യുന്ന പ്രവൃത്തികളെ ഓട്ടോമേഷൻ പ്രവൃത്തികളെന്നും ഡിജിറ്റൈസേഷൻ പ്രവൃത്തികളെന്നും വിവിധ രീതിയിൽ വിളിച്ചുവരുന്നുവെന്നും എന്നാൽ എല്ലായിപ്പോഴും ഇതിൽ ഒന്ന് മാത്രം ഉപയോഗിക്കുന്നതാണ് ഉചിതമെന്നും ആയതിൽ "ഡിജിറ്റൈസേഷൻ" എന്ന് വാക്കാണ് കാലോചിതമെന്നും, ആയത് പ്രകാരം നിലവിലെ ഓട്ടോമേഷൻ വിഭാഗം "ഡിജിറ്റൈസേഷൻ" വിഭാഗമെന്നും, നിലവിൽ ബോർഡ് ഓഫീസിലെ ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ്&ഇൻസ്പെക്ഷൻ) പ്രൊജക്ട് മാനേജരുടെ അധികചുമതല നിർവ്വഹിച്ചുവരുന്ന സാഹചര്യത്തിൽ, പ്രൊജക്ട് മാനേജർ (ഓട്ടോമേഷൻ) എന്നത് "ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഡിജിറ്റൈസേഷൻ)"എന്നും പരിഷ്കരിക്കാവുന്നതാണെന്നും വിവരിച്ചുള്ള ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവിന്റെ കത്ത് ലഭ്യമായി (പരാമർശം-2).

ടെക്നിക്കൽ കമ്മിറ്റി മുഖ്യ ഉപദേഷ്ടാവിന്റെ പരാമശം(2) കത്തിലെ ശിപാർശകൾ ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു:

## ഉത്തരവ്

1. നിലവിലെ ഓട്ടോമേഷൻ വിഭാഗം"ഡിജിറ്റൈസേഷൻ വിഭാഗം" എന്ന് പുനർനാമകരണം ചെയ്ത് ഉത്തരവാകുന്നു.

2. ഓട്ടോമേഷൻ വിഭാഗം പ്രൊജക്ട് മാനേജരുടെ പേര് "ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഡിജിറ്റൈസേഷൻ)" എന്ന് പുനർനാമകരണം ചെയ്ത്, ആയതിന്റെ ചുമതല അഡീഷണൽ ചാർജ്ജ് നിർവ്വഹിക്കുന്നതിന് ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ (ഫിനാൻസ് & ഇൻസ്പെക്ഷൻ) നെ ചുമതലപ്പെടുത്തുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി,

(ഒപ്പ്)

**സെക്രട്ടറി**

അംഗീകാരത്തോടെ,

**അസിസ്റ്റന്റ് സെക്രട്ടറി**
(ശബരിമല സെൽ)

**പകർപ്പ്:**

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എൻജിനീയർ
3. സൂപ്രണ്ട് ഓഫ് പൊലീസ് (വിജിലൻസ്& സെക്യൂരിറ്റി)
4. ഫൈനാൻസ് ആന്റ് അക്കൗണ്ട്സ് ഓഫീസർ
5. ദേവസ്വം അക്കൗണ്ട്സ് ഓഫീസർ
6. പ്രൊജക്ട് മാനേജർ, ഓട്ടോമേഷൻ
7. എല്ലാ ഡിപ്പാർട്ട്മെന്റ് ഓഫീസ് മേധാവികൾക്കും
8. എല്ലാ ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കും
9. ഐടി ഡിവിഷൻ *(പ്രസിദ്ധീകരണത്തിന്)*
10. സെക്ഷൻ ഫയൽ
11. ഫെയർ ഓഫീസ് കോപ്പി